## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം.110 03.12.2018 -ൽ മറുപടിക്ക്

### സമഗ്ര ശിക്ഷാ അഭിയാൻ

ചോദ്യം ഉത്തരം

ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.എം. സ്വരാജ്
ശ്രീ.ആന്റണി ജോൺ
ശ്രീ.ഐ.ബി.സതീഷ്

പ്രൊഫ: സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) | സർവശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നീ പദ്ധതികൾക്ക് പകരം ആവിഷ്കരിച്ച സമഗ്ര ശിക്ഷാ അഭിയാൻ പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച വിഹിതം എത്രയെന്ന് അറിയിക്കാമോ; | എ) സമഗ്ര ശിക്ഷ അഭിയാൻ പദ്ധതി പ്രകാരം 2018-19 വർഷത്തേയ്ക്ക് 31.07.2018 ലെ പ്രോജക്ട് അപ്രൂവൽ ബോർഡ് മിനിട്ട്സ് പ്രകാരം കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം 739.93 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചത്. എന്നാൽ 206.06 കോടി രൂപ മാത്രമേ കേന്ദ്രസർക്കാർ വിഹിതമായി അനുവദിച്ചിട്ടുള്ളൂ. |
| ബി | കേന്ദ്ര വിഹിതത്തിലുണ്ടായ ഭീമമായ കുറവ് എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം അവകാശമാക്കാൻ ശ്രമിക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് പ്രതിബന്ധം സൃഷ്ടിക്കാതിരിക്കാൻ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ; | ബി) ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടോടെ എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രമാക്കിമാറ്റുക എന്നതാണ് സർക്കാർ നിലപാട്. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചത് മൂലം പ്രയാസങ്ങൾ ഉണ്ടെങ്കിലും ഗുണമേന്മാ വിദ്യാഭ്യാസം സ്കൂളുകളിൽ ഒരുക്കുന്നതിന് സാമ്പത്തികമായ കേന്ദ്ര അവഗണന യാതൊരു തരത്തിലും ദോഷകരമായി ബാധിക്കാത്തവിധം സർക്കാർ നടപടികൾ കൈക്കൊണ്ടുവരുന്നു. |
| സി) | അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യമെന്തെന്നും തദനുസൃതമായ പ്രവർത്തന പുരോഗതിയുണ്ടാകുന്നുണ്ടോ എന്ന് വിലയിരുത്താറുണ്ടോയെന്നും അറിയിക്കാമോ; | സി) വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിക്കും കരിക്കുലം വിഭാവനം ചെയ്യുന്ന തലത്തിലേക്ക് എത്തുന്നതിനായി ഓരോ വിദ്യാലയത്തിന്റെയും സവിശേഷമായ സാഹചര്യം വിലയിരുത്തി വികസിപ്പിക്കുന്ന ആസൂത്രണ രേഖയാണ് സ്കൂൾതല മാസ്റ്റർപ്ലാൻ. പഠന നിലവാരം ഉയർത്തുന്നതിന് സഹായകമായ പദ്ധതികൾ പ്ലാനിൽ ഉൾപ്പെടുന്നു. ഓരോ പ്രദേശത്തിന്റെയും സ്കൂളുകളുടെയും സാഹചര്യം അനുസരിച്ച് തയ്യാറാക്കി പൊതു സമൂഹത്തിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുവനാണ് ഉദ്ദേശിക്കുന്നത്. ഈ മാസ്റ്റർപ്ലാൻ |

പ്രായോഗികമായി നടപ്പാക്കാനാവശ്യമായ സ്കൂൾ തല നിർവ്വഹണ പ്ലാൻ തയ്യാറാക്കുകയും അതിൽ നിന്ന് അഞ്ച് പ്രവർത്തനങ്ങൾ ഓരോ സ്കൂളും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതെല്ലാം നടക്കുന്നു എന്നുറപ്പാക്കാനുള്ള മോണിറ്ററിംഗ് സംവിധാനം ഈ വർഷം ശക്തിപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| ഡി) വിദ്യാർത്ഥികൾ ട്യൂഷനേയും പഠന സഹായികളേയും ആശ്രയിക്കേണ്ടി വരുന്ന സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; ഇതു പരിഹരിക്കാനായി ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ? | ഡി) ഇല്ല. എങ്കിലും വിദ്യാർത്ഥികൾ ട്യൂഷനെയും പഠനസഹായികളെയും ആശ്രയിക്കുന്നു എന്ന ഒരു അഭിപ്രായം പൊതുവെ നിലവിലുണ്ട്. പൊതുവിദ്യാലയങ്ങളെ മെച്ചപ്പെടുത്തിക്കൊണ്ട് ഗുണമേന്മാ വിദ്യാഭ്യാസം പ്രദാനം ചെയ്യാനുള്ള പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കുന്നത്. ഇതുവഴി ഇത്തരം അശാസ്ത്രീയമായ എല്ലാ പ്രവണതകളെയും മറികടക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ